(സി) പുതിയ ക്ലാസ് മുറികളും, പുതിയ അദ്ധ്യാപക ഓഫീസ് മുറികളും, സ്പോർട്സ് മുറികളും, വായനശാല, പരീക്ഷണശാല എന്നിവയ്ക്കായി അറ്റകുറ്റപ്പണികളും നടത്തൽ, കുടിവെള്ള സൗകര്യം ഒരുക്കൽ, ശൗചാലയം നിർമ്മിക്കൽ, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികളും നടത്തൽ, വൈദ്യുതീകരണം ഇവയൊക്കെ പ്രസ്തുത പദ്ധതി വിഭാവനം ചെയ്യുന്നു. കമ്പ്യൂട്ടറുകളും, ടെലിഫോൺ മുതലായവ സ്ഥാപിക്കൽ, സ്കൂൾ ഉപകരണങ്ങൾ വാങ്ങൽ, സി. ഡി.കളും, എൻ. സി. ഡി.. ഓവർഹെഡ് പ്രൊജക്ടർ ഇവ വാങ്ങൽ ഇതൊക്കെ ഈ പദ്ധതി ലക്ഷ്യമിടുന്നു.

(ഡി) സർക്കാർ സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ചുമതല ഇപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്.

തുടർ വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി പ്രവർത്തിക്കുന്ന വിദ്യാകേന്ദ്രങ്ങൾ

51 [2356] ശ്രീ. ബിനോയ് വിശ്വം:
,, മാങ്കോട് രാധാകൃഷ്ണൻ:
,, പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) തുടർ വിദ്യാഭ്യാസ പരിപാടികളുടെ ഭാഗമായി സംസ്ഥാനത്ത് ഇപ്പോൾ എത്ര വിദ്യാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇതിന്റെ ഭാഗമായി എത്ര വികസന വിദ്യാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(സി) ഓരോ കേന്ദ്രത്തിന്റെയും പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ കേന്ദ്രങ്ങളെ സ്ഥിരം സംവിധാനങ്ങളാക്കി മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനുള്ള നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കാമോ;

(ഇ) ഈ പദ്ധതിക്ക് ഇതുവരെ ലഭിച്ച കേന്ദ്രസഹായം എത്ര യാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 3500 തുടർ വിദ്യാകേന്ദ്രങ്ങൾ പ്രവർത്തി ക്കുന്നുണ്ട്.

(ബി) 500 വികസന വിദ്യാകേന്ദ്രങ്ങൾ.

(സി) തുല്യതാ പരിപാടികൾക്കാണ് ഇപ്പോൾ വിദ്യാകേന്ദ്രങ്ങൾ പ്രാധാന്യം നൽകി വരുന്നത്. 4,7,10 എന്നീ ക്ലാസുകൾക്ക് തുല്യമായ വിദ്യാഭ്യാസം അനൗപചാരിക സംവിധാനത്തിലൂടെ ഈ വിദ്യാകേന്ദ്രങ്ങൾ നൽകിവരുന്നു. കൂടാതെ സാക്ഷരതാ ക്ലാസുകൾ, തൊഴിൽ പരിശീലന പരിപാടികൾ, വിവിധ ബോധവൽക്കരണ പരിപാടികൾ, കലാസാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവയും നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിദ്യാകേന്ദ്രങ്ങൾ സ്ഥിരം സംവിധാനമാക്കി നിലനിർത്തുന്ന തരത്തിലാണ് ദേശീയ സാക്ഷരതാ മിഷൻ തുടർ വിദ്യാഭ്യാസ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാർ അന്തിമ തീരുമാനം എടുത്തിട്ടില്ല.

(ഇ) കേന്ദ്ര സഹായമായി ദേശീയ സാക്ഷരതാ മിഷനിൽ നിന്ന് ഗ്രാന്റിനത്തിൽ ഇതുവരെ 32,33,58,577 രൂപ ലഭിച്ചിട്ടുണ്ട്.

1993-ന് മുൻപ് എം. ഫിൽ. നേടിയവരും കോളേജ് അദ്ധ്യാപക നിയമനവും

52 [2357] ശ്രീ. ജോസഫ് എം. പുതുശ്ശേരി:
,, തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സർക്കാർ/പ്രൈവറ്റ് കോളേജുകളിലെ നിയമനങ്ങളിൽ 1993-ന് മുൻപ് എം. ഫിൽ. വിജയിച്ചവരെ നാഷണൽ എലിജിബിലിറ്റി ടെസ്റ്റിൽ നിന്നും ഒഴിവാക്കിക്കൊണ്ട് യു. ജി. സി. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) സർക്കാർ സ്വകാര്യ കോളേജുകളിലെ അദ്ധ്യാപക തസ്തികയിൽ സ്ഥിരനിയമനങ്ങൾക്ക് 1993-ന് മുൻപ് എം. ഫിൽ. ബിരുദം നേടിയവരെ പരിഗണിക്കുമ്പോൾ പല സർക്കാർ കോളേജുകളിലും ഗസ്റ്റ് ലക്ചറർ പോസ്റ്റുകളിലെ നിയമനങ്ങളിൽ ഇവരെ അവഗണിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2005 മേയ് 31-ന് തിരുവനന്തപുരം ഗവൺമെന്റ് വിമൻസ് കോളേജിൽ നടന്ന എഫ്. ഐ. പി. സബ്സ്റ്റിറ്റ്യൂട്ടേഴ്സ് ഒഴിവിൽ യു. ജി. സി.-യുടെ ഉത്തരവ് കാറ്റിൽ പറത്തി എം. ഫിൽ. യോഗ്യതയുള്ളവരെ ഒഴിവാക്കിയ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) യു. ജി. സി.-യുടെ അംഗീകാരത്തോടുകൂടി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. [സ. ഉ. (പി) 123/02/ഉ.വി.വ. തീയതി 17-9-2002]

(ബി) ഇല്ല.

(സി) തിരുവനന്തപുരം ഗവൺമെന്റ് വനിതാ കോളേജിൽ നടന്ന എഫ്. ഐ പി. സബ്സ്റ്റിറ്റ്യൂട്ടേഴ്സ് തലയാളം ലക്ചറർ ഒഴിവിൽ നടത്തിയ സെലക്ഷനിൽ മേൽ ലഭിച്ച പരാതിയിൻമേൽ അന്വേഷണത്തിന്റെ നടപടിക്രമം നടന്നുകൊണ്ടിരിക്കുകയാണ്.

സംസ്ഥാനത്ത് നിലവിലുള്ള ബി.എഡ്. ട്രെയിനിംഗ് കോളേജുകൾ

53 [2358] ശ്രീ. സി. മമ്മൂട്ടി:
,, സി. ടി. അഹമ്മദ് അലി:
,, വി. കെ. കെ. ബാവ:
,, സി. മോയിൻകുട്ടി:
,, പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly